കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

134 [1313] ശ്രീ. എ. യൂനസ്കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരുനാഗപ്പള്ളി താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം 23-2-1996-ൽ കൂടുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്.

നേഴ്സിംഗ് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

135 [1315] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നേഴ്സിംഗ് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പുതിയ കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കെട്ടിടനിർമ്മാണത്തിനായി എസ്റ്റിമേറ്റ് തുകയായ 43 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ (ബിൽഡിംഗ്സ്) കെട്ടിടനിർമ്മാണത്തിന്റെ ടെൻഡർ വിളിച്ചുകഴിഞ്ഞു. ടെൻഡർ തീർപ്പാക്കിയതിനുശേഷം കെട്ടിടത്തിന്റെ പണി ആരംഭിക്കും.

(ബി) ഉണ്ട്.

(സി) ടെൻഡർ തീർപ്പാക്കിയാൽ ഉടൻതന്നെ പണി ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly